# കോവിഡ് - 19 ലോക്ഡൗൺ പശ്ചാത്തലത്തിൽ കേരളത്തിലുള്ള കർഷകർക്കും കാർഷികമേഖലക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും

കർഷകർ തങ്ങളുടെ കൃഷിയിടത്തിൽ വിവിധ കൃഷിപണികളിൽ ഏർപ്പെടുമ്പോൾ കൊറോണ വൈറസിൻ വ്യാപനം തടയുന്നതിനായി താഴെ പ്രതിപാദിക്കുന്ന മുൻകരുതലുകൾ കൈകൊള്ളണമെന്ന് നിർദ്ദേശിക്കുന്നു.

- തൊഴിലാളികൾ നേരിട്ടു നടത്തുന്ന വിളവെടുപ്പുപോലെയുള്ള കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഏറ്റവും കുറഞ്ഞത് 4-5 അടി വിട്ട് നിൽക്കേണ്ടതാണ്. ഇങ്ങനെ, ഓരോ തൊഴിലാളിക്കുമിടയിൽ ആവശ്യത്തിനുള്ള അകലം ഉറപ്പാക്കാം.

- കാർഷിക ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മുഖാവരണം ധരിക്കുകയും, ഇടവേളകളിൽ സോപ്പ് ഉപയോഗിച്ച് കൈ കഴുകുകയും ചെയ്യണം.

- വിശ്രമിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും മാത്രമല്ല, സംഭരിക്കുമ്പോഴും കയറ്റിറക്ക് നടത്തുമ്പോഴും 3-4 അടി എന്ന സുരക്ഷിത അകലം പാലിക്കേണ്ടതാണ്.

- ഒരേ ദിവസം തന്നെ കൂടുതൽ ആൾക്കാരെ നിയോഗിക്കാതിരിക്കുവാനായി ശ്രദ്ധിക്കുക.

- നല്ല ആരോഗ്യം ഉള്ളവരെയും, രോഗവാഹകരല്ല എന്ന് ന്യായമായി ഉറപ്പുള്ളവരെയും മാത്രം കൃഷി പണിക്കായി നിയോഗിക്കുക.

- സാധ്യമായിടത്തെല്ലാം യന്ത്രവത്കരണം നടപ്പാക്കുക. യന്ത്രങ്ങൾ പ്രവർത്തിക്കാൻ വേണ്ടി അത്യാവശ്യത്തിനു മാത്രമുള്ള ആൾക്കാരെ നിയോഗിക്കുക.

- എല്ലാ യന്തങ്ങളും പ്രവർത്തനാരംഭത്തിലും, കൃത്യമായ ഇടവേളകളിലും അണുവിമുക്തമാക്കേണ്ടതാണ്. എല്ലാ ചരക്കു വാഹനങ്ങളും, ചാക്കുകൾ മുതലായ മറ്റു പാക്കേജിംഗ് സാമഗ്രികളും അണുവിമുക്തമാക്കേണ്ടതാണ്.

- ഉൽപന്നങ്ങളുടെ ശേഖരം ചെറിയ കൂനകളായി 3-4 അടി അകലത്തിൽ ക്രമീകരിക്കേണ്ടതും, ഓരോ കുനയും കൈകാര്യം ചെയ്യുന്നതിനായി 1-2 ആൾക്കാരെ മാത്രം ചുമതലപ്പെടുത്തി തിരക്ക് ഒഴിവാക്കേണ്ടതുമാണ്.

- കൃഷിയിടത്തിൽ തന്നെ ഉൽപന്നം സംഭരിക്കാൻ സാഹചര്യമുണ്ടെങ്കിൽ തിരക്കുപിടിച്ചുള്ള വിപണനം ഒഴിവാക്കാവുന്നതാണ്.

- ഉൽപാദനോപാധികൾ വാങ്ങുവാനും ഉൽപന്നം വിറ്റഴിക്കുവാനും വിപണകേന്ദ്രത്തിൽ പോകുമ്പോൾ ആവശ്യമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

## ***സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ***

ലോക്ഡൗൺ നിയന്ത്രണങ്ങളിൽനിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഒഴിവാക്കിയതായി സംസ്ഥാന സർക്കാർ ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകിയിരിക്കുന്നു.

1. തൊഴിലാളികളുടെ എണ്ണം കുറച്ചു കൊണ്ടുള്ള എല്ലാ കാർഷിക പ്രവർത്തനങ്ങളും.

2. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

3. കാർഷികയന്ത്ര സേവന കേന്ദ്രങ്ങൾ

4. ഇക്കോ ഷോപ്പുകളുടെയും കർഷക ഉൽപാദക സംഘങ്ങളുടേയും പ്രവർത്തനങ്ങൾ

5. വിളവെടുപ്പും, ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും

## ***വിളകളെ അടിസ്ഥാനമാക്കിയുള്ള ഉപദേശങ്ങൾ***

- കൃഷിയിടത്തിൽ ശുചിത്വം പാലിക്കുന്നതുവഴി തെങ്ങിലെ കൊമ്പൻ ചെല്ലിയുടെ പ്രജനനം തടഞ്ഞ് അവയെ നിയന്ത്രിക്കാവുന്നതാണ്. കാലവർഷം വരുന്നതിനു മുമ്പായി ഏപ്രിൽ - മെയ് മാസങ്ങളിൽ 250 ഗ്രാം വേപ്പിൻ പിണ്ണാക്കോ, മരോട്ടി പിണ്ണാക്കോ തുല്യ അളവിൽ മണലുമായി ചേർത്തിളക്കി മണ്ടയുടെ ഉൾഭാഗത്തുള്ള 2 - 3 മടലിൻ കവിൾ ഭാഗത്ത് ഇട്ടു കൊടുക്കേണ്ടതാണ്. ചാണകകുഴികളിലും, കൊമ്പൻചെല്ലിയുടെ മറ്റു പ്രജനന സ്ഥലങ്ങളും മെറ്റാറൈസിയം ഉപയോഗിച്ച് പുഴുക്കളെ നിയന്ത്രിക്കേണ്ടതാണ്.

- പച്ചക്കറി വിളകളിൽ നീരൂറ്റി കുടിക്കുന്ന മുഞ്ഞ, ചാഴി, വെള്ളീച്ച, ഇലപ്പേൻ എന്നിവയെയും, പുഴുക്കളെയും നിയന്ത്രിക്കേണ്ടതാണ്.
  - ഇലകളുടെ പ്രതലത്തിനു തൊട്ടു മുകളിലായി നീല / മഞ്ഞ കെണികൾ സ്ഥാപിച്ച് ഈ കീടങ്ങളെ കുടുക്കാവുന്നതാണ്.
  - എല്ലാ ആഴ്ച്ചയും 2% വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം തളിക്കേണ്ടതാണ്. ഇത് ഇലയുടെ ഇരുവശങ്ങളിലും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കേണ്ടതാണ്.
  - രണ്ടാഴ്ച്ചയിലൊരിക്കൽ ലിക്കാനീസീലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കേണ്ടതാണ്.
  - മുഞ്ഞ, വെള്ളിച്ച, തുള്ളൻ എന്നിവയുടെ ഉപദ്രവം കൂടുതലാണെങ്കിൽ തൈയാമെതോക്സാം 25 WG, 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലും, പേനുകൾക്കെതിരായി സ്പൈറോമെസിഫെൻ 240 SC, 0.8 - 1.0 മില്ലി, ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും ചേർത്ത് തളിക്കേണ്ടതാണ്.
  - പുഴുക്കൾക്ക് എതിരെ പ്രതിരോധകം എന്ന നിലയിൽ ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.
- ഹരിതസേനയുടെ പിന്തുണയോടുകൂടെ യന്ത്രവൽകൃത നെല്ല് കൊയ്ത്ത് നടത്തുമ്പോൾ സാമൂഹിക അകലവും, ശുചീകരണവും സംബന്ധിച്ചുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.
- നെൽചെടികൾ ചിനപ്പ് പൊട്ടുന്ന ഘട്ടത്തിൽ, സ്യൂഡോമോണാസ് 2.5 കിലോ ഒരു ഹെക്ടറിന് എന്ന കണക്കിൽ 50 കിലോ ചാണകപ്പൊടിയിൽ ചേർത്ത് കൊടുക്കേണ്ടതാണ്. നെല്ലിൽ കുലവാട്ടം, പോള അഴുകൽ രോഗങ്ങൾക്ക് പ്രതിരോധകമായി നൈട്രജൻ (പാക്യജനകം) അടങ്ങിയ വളങ്ങൾ അധികമായി നൽകുന്നത് ഒഴിവാക്കുക.
- കുരുമുളകിൽ നടീൽ വസ്തുക്കൾ ഒരുക്കാനുള്ള ഏറ്റവും നല്ല സമയമാണിത്. നല്ലരീതിയിൽ പുതയിട്ട് അമിതചൂടിൽ നിന്നും വള്ളികളെ പരിരക്ഷിക്കേണ്ടതുമാണ്.